"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം, മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ, അധികച്ചുമതല കൊല്ലം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം) ശ്രീമതി പി.വി.ജയകുമാരിക്ക് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.230/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 28.01.2020.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 31.05.2016-ലെ 8260/എസ്റ്റാ.എ1/16/സി.ആർ.ഡി നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 15.06.2016-ലെ 8260/എസ്റ്റാ.എ1/16/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്, കൊല്ലം ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സുബാഷ് ബാബു, സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല കൊല്ലം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം) ആയിരുന്ന ശ്രീമതി പി.വി.ജയകുമാരിക്ക് പരാമർശം (1) പ്രകാരം നൽകിയിരുന്നുവെന്നും പ്രസ്തുത നടപടി സാധൂകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്, കൊല്ലം ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സുബാഷ് ബാബു, സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല കൊല്ലം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം) ആയിരുന്ന ശ്രീമതി പി.വി.ജയകുമാരിക്ക് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി പി.വി.ജയകുമാരി, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം), കൊല്ലം

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ